# ഓട്ടക്കലത്തിലിത്തിരി പായസം

(കവിതകൾ പോലെ)

ഏകത്രയൻ

Malayalam Language

**Ottakkalathilithiri Payasam**

(Kavithakal Polae)

Poems

By **Ekathrayan**

Rights reserved

| | | |
|---|---|---|
| Published | : | March 2016 |
| Cover design | : | Susan Joshy |
| Caricatures | : | Reshma Mariya Siby, Celeste Sebastian,<br>Aleesha Mathew & Jagan Thomas |
| Printed in India at | : | St. Martin Press, Angamaly South |
| Publisher | : | Gracy Jose, Payappilly House<br>Mekkad P.O., PIN:683589<br>Kerala, India |
| E-mail | : | jose.pvarghese@yahoo.co.in |
| Distributers | : | 1. Secretary, Writers Club, ECE Dept<br>Viswajyothi College of Engg. & Tech. Vazhakulam P.O.<br>Muvattupuzha - 686670, Kerala, India<br>2. Gracy Jose, Payappilly House, Mekkad P.O. -683589 |

No part of this publication may be reproduced, or transmitted in any form, or by any means, without prior written permission of the publishers.

₹ 50.00

# താളുകളിലൂടെ


1. നന്ദി ....................05
2. ആമുഖം ....................06
3. സമർപ്പണം ....................07
4. ക്ഷമാപണം ....................08
5. കവിസപര്യ ....................09
6. പഴംനുറുക്ക് ....................15
7. വിഷമവൃത്തം ....................23
8. യോഗമുദ്ര ....................37
9. പ്രശ്നസൂത്രം ....................43
10. വിചിന്തനം ....................53
11. തിരിച്ചറിവ് ....................59
12. ഏകത്രയൻ ....................66

# നന്ദി

ഈ പടുപാട്ടുകൾക്കെല്ലാം
കിടു കാരിക്കേച്ചർ വരച്ച
പ്രിയ വിദ്യാർത്ഥികളെ
നന്ദിയോടേ സ്മരിപ്പൂ.

ഈ പുസ്തക പുറംചട്ട
ഭംഗിയിൽ വരച്ചൊരു
അദ്ധ്യാപികയേയും സദാ
നന്ദിയോടേ സ്മരിപ്പൂ.

വൃത്തിയിൽ ഈ സമാഹാരം
കൃത്യസമയത്തച്ചടിച്ചു
പ്രസിദ്ധീകരിച്ചതാം
സുഹൃത്തിനും നന്ദിയേറെ.

ജഗൽ ഗുരോ നീയത്രേ
ഇവയെല്ലാം പാഴ്പോക്കി
ക്രമമായി കുറിപ്പിച്ചു
നന്ദി നന്ദി വിശ്വനാഥാ.

# ആമുഖം

ഗഹനമായിട്ടൊന്നുമില്ലിതിൽ
സരളമായിട്ടെഴുതിയ കവിതകൾ
വിരളമായൊരു വിവരധാരയിൽ
സരസമായിട്ടലിഞ്ഞു ചേരുവിൻ.

– ഏകത്രയൻ

# സമർപ്പണം

ആദ്യാക്ഷരം പഠിപ്പിച്ചൊരമ്മയ്ക്കുമപ്പനും
തുടർന്നെന്നെ വാർത്തെടുത്തോരദ്ധ്യാപകർക്കെല്ലാം
കൂടെ നടന്നെൻ കൂട്ടുകാർ സഹവർത്തികൾക്കും
യൗവ്വനം തൊട്ടെന്നെ സഹിക്കുന്നെൻ പ്രേയസ്സിക്കും.

സ്നേഹം പൊതിഞ്ഞെന്നെ കാത്തു സൂക്ഷിക്കുന്നെൻ
മക്കൾ സോദരർ പ്രിയ വിദ്യാർത്ഥികൾക്കും
നന്ദിയോടോർക്കുവാൻ പേരുകളൊട്ടനവധി
ഈ ജല്പനം പുസ്തകരൂപത്തിലാക്കിയോർക്കും.

അവസാനമായിട്ടേറ്റം പ്രധാനമായിട്ടെൻ
ദേവമാതാവിനും ഔസേപ്പിതാവിനും പുത്രനും.

– ഏകത്രയൻ

# ക്ഷമാപണം

ഓട്ടക്കലത്തിലീ ശേഖരങ്ങൾ
കയ്ക്കും കഷായമോ പാൽപ്പായസമോ
സദാ ഇറ്റിറ്റു വീഴുന്നീ തുള്ളികളെ
നന്നെങ്കിൽ സേവിക്കാം അല്ലെങ്കിൽ തുപ്പിടാം.

വൃത്തവുമില്ലോരലങ്കാരോമില്ല
ചന്തത്തിലാക്കുവാനെനിക്കാവതില്ല
മലയാള സാഹിത്യത്തിലവഗാഹമില്ല
സദയം ക്ഷമിക്കെന്റെ കൂട്ടുകാരെ.

തോന്നുമ്പോൾ പാടുന്ന പാട്ടിതെല്ലാം
ഓരോ കിറുക്കിനാൽ കുറിച്ചിടുന്നു
ബാത്ത്റൂമിൽ കേറുമ്പോൾ പാടിനോക്കൂ
പറ്റുമോ രാഗതാളത്തിലാക്കാനെന്നും.

# കവിസപര്യ



# അമൃത്

നിനക്കു ശേഷം കവിതേ
എനിക്കൊരു കാമുകിയില്ല
തപിച്ചിടുന്നെൻ മനമോ
ജപിച്ചിടുന്നൂ നിൻവരികൾ.

തപസ്സിരിപ്പൂ നിൻ നടയിൽ
പ്രതീക്ഷയിൽ ഞാനെന്നും
കനിഞ്ഞു സാദരമേകൂ
നിൻ വിജ്ഞാനത്തിൻ വചനം.

നിൻ പാവന സാന്ത്വന ശബ്ദം
എൻ കർണ്ണപുടത്തിൻ മുരളി
നിൻ കടൽ ദിനവും കടയും
ഒരു ദിനമമൃതു ഭുജിക്കും.

★★★

# ഉൾക്കണ്ണ്

സരളമായ് ചൊല്ലിടാം
ലളിതമീ കവിതകൾ
ഇളംതെന്നലായ് വന്നിടും
നിന്നിടം സുനിശ്ചിതം.

ചുട്ടുപൊള്ളുകില്ലൊട്ടുമേ
കോച്ചും മഞ്ഞുമില്ലൊട്ടുമേ
നിൻ മഞ്ഞുകാലത്തിലും
വെയിലുപോലീക്കവിതകൾ.

പടുജോലികൾ തീർത്തൊരു
നിൻ വിശ്രമ വേളയിൽ
ചൊല്ലുകിൽ കവിതകൾ
തുറന്നിടും ഉൾക്കണ്ണുകൾ.

★★★



## കള

കവിതയിലൊരു കവിയുണ്ട്
കവിയിലൊരു കളവുണ്ടാം
വിതയിലൊരു കളയുണ്ടാം
കരിച്ചിടാം വിലയിരുത്തലിൽ.

★★★

## പതിരുകൾ

നിങ്ങൾ കൊയ്തെൻ കവിതകൾ
അവയിലേറെ പതിരുണ്ടാം
നിൻ പാട്ടിലവയെ പാറ്റിടാം
നന്മണികൾ ശേഖരിച്ചിടാം.

★★★



## ഫലദായകം

മൃദുഭാവനയുടെ എക്കലടിഞ്ഞ മനസ്സിൽ
കൊടും ക്രൂരതയുടെ കാടുകൾ വെട്ടിയൊതുക്കി
മനഃചോദനയുടെ പൊൻവിത്തു വിതച്ചാൽ
നൽ കവിതകൾ മുളച്ചു വളർന്നു ഫലിക്കും.

★★★

## വൃദ്ധന്റെ പൂജ്യൻ

വൃത്തമതു പൂർണ്ണനാണെന്നഹങ്കാരമുണ്ട്
വെറും വട്ടപൂജ്യത്തിൻ മദ്ധ്യത്തിൽ
ഒരു കൊച്ചു പൊട്ടു തൊട്ടാൽ
അതു താൻ വൃത്തമെൻ കൂട്ടുകാരെ.

വൃത്തത്തിനുള്ളിലെ പുള്ളിപോയാൽ
അതു വെറുമൊരു വട്ടപൂജ്യമല്ലോ
പൂജ്യത്തെ പൂജിക്കും വിഡ്ഢിയല്ലോ
വൃദ്ധനാം ഏകത്രയനീ എഞ്ചിനീയർ.

★★★

# പഴംന്യൂറുക്കുകൾ



## ജീവിതം

ജനനമാണൊരു കാരണം
സമരമാണെന്റെ ജീവിതം
ഉരുകിത്തീരണമീ ചൂളയിൽ
മരണമാണൊരു മോചനം.

## ഗുരുവും ശിഷ്യനും

ഗുരുവിൻ ശാസന വെടിയും ശിഷ്യൻ
വഴിതെറ്റും പിന്നടിയും തെറ്റും.

## എന്റെ പുഴ

എന്റെ പുഴയേ എന്റെ പിഴ
എന്റെ പിഴവാണു നിൻ ദുർഗതി.



## ഇടയനും ആടുകളും

**വികാരി**

പള്ളിയ്ക്കകത്തും പുറത്തും തൻ ജനത്തിന്
നന്മതൻ വാതിൽ ചൂണ്ടുന്ന പാതിരി വികാരി.

**അൽമായർ**

വികാരിയൊന്നൊരിടയൻ നയിക്കും
പുൽമേടു കാണാതലയും ജനം അൽമായർ.

**കപ്യാർ**

നീട്ടിക്കുറുക്കി പിന്നെ തപ്പിത്തടഞ്ഞെല്ലാ
പ്രാർത്ഥന ചൊല്ലുവോൻ പള്ളിയിൽ കപ്യാർ.

**സെമിത്തേരി**

അവസാനയാത്രയിൽ കേമനും കേമിയും മൂകരായ്
അപരന്റെ തോളിലേറി പോകുന്നിടം സെമിത്തേരി.

**കല്ലറ**

തട്ടിപ്പു വെട്ടിപ്പുകാർക്കെല്ലാം അവരുടെ
നാറും ശവമിനി നാട്ടാരു കാണാതിരിക്കാൻ കല്ലറ.

★★★



## അഴിമതി

അഴിമതിയിലൊരു മതിയുണ്ട്
മതിയായില്ലേൽ അഴിയെണ്ണും.

## അഴിമതി

അഴിമതിയുടെ ആദ്യാന്തം 'അഴി'യത്രെ.

★★★



# സുന്ദരിവള്ളി

പടർന്നു കയറാൻ വെമ്പൽകൊള്ളും
വള്ളികളെ സൂക്ഷിച്ചുകൊള്ളുവിൻ
അഭയമരുളും വൻമരങ്ങളെത്താൻ
അനുഭാവമന്യേ ഉണക്കിടുന്നിവ.

★★★

## കലഹനിവാരണം

വാശി ദുർവ്വാശികൾ മൂലം
കലഹം സുലഭമീയുലകിൽ
മൗനമതൊന്നേ ആയുധമുള്ളൂ
ഈ ദുർവ്വാശിക്കെതിരേ പൊരുതാൻ.

★★★

## അഭയമീ കാട്

നട്ടാൽ വളരും നാട്ടിൽ
താനേ വളരും കാട്ടിൽ
നന്മകൾ തളരും നാട്ടിൽ
തിന്മകൾ വിരളം കാട്ടിൽ.

നാട്ടിൽ ചതിയൻ രാജാ
കാട്ടിൽ പ്രബലൻ രാജാ
നാട്ടിൽ പ്രശ്നം വന്നാൽ
കാട്ടിൽ അഭയം തേടാം.

★★★

# നാടും കാടും

ജനം നടുന്നിടം നാട്
സ്വയം വളർന്നിടും കാട്
ജനം നടന്നിടം നാട്
വിജനമാം ഇടം കാട്.

തിന്മ നിറഞ്ഞിടം നാട്
നന്മ നിറഞ്ഞിടം കാട്
കഴുത്തിൽ കയറിടും നാട്
തൊഴുത്ത് തുറന്നിടും കാട്.

★★★

# അതിമോഹം

കൂട്ടിലിരിക്കും അണ്ണാനതിമോഹം
കാട്ടിലിരിക്കും ആനയെ മേയ്ക്കാൻ
വീട്ടിലിരിക്കും കുട്ടനു മോഹം
ഉലകം ചുറ്റും മനസ്സു മെരുക്കാൻ.

★★★

# സമാധി

വയസ്സനാധി വയസ്സായെന്നൊരു
കൂടെ പാർക്കാൻ കൂട്ടില്ലെന്നൊരു
വാർത്തകൾ കേൾക്കാൻ ചെവി പതമെന്നൊരു
കാഴ്ചകൾ കാണാൻ കഴിവില്ലെന്നൊരു
പോയൊരു കാലം വരുകില്ലെന്നൊരു
ഖ്യാദി ലഭിക്കാൻ വഴിയില്ലെന്നൊരു
വ്യാധികളൊന്നും മാറില്ലെന്നൊരു
ആധിയിൽ വയസ്സൻ സമാധിയായ്.

★★★

# വിഷമവൃത്തം

# സന്ദേശത്തിൻ പിന്നാലെ





മേയ്ക്കാടെന്നൊരു ചെറുകാട്ടിൽ
വഴിത്തോടെന്നൊരു കൈത്തോടിൻ
കരയിലെ ചക്കര തൈമാവിൽ
മാങ്ങ പഴുത്തൊരു മേടത്തിൽ

കുയിലുകൾ കൂകും പുലർകാലെ
വന്നൊരുവൾ മാങ്ങ പെറുക്കാനായ്
അറിയാതപ്പോൾ കണ്ണുകളാൽ
കൈമാറിയതാം സന്ദേശം.

കണ്ടില്ലതു ഞാൻ കണ്ണാലെ
കേട്ടില്ലതു ഞാൻ ചെവിയാലെ
എങ്കിലുമെന്നുടെ മനമിളകി
അടിവച്ചെത്തി പിന്നാലെ.

ഇടവം കണ്ടൂ മിഥുനത്തെ
മിന്നൽപ്പിണരുകൾ ഇടിവെട്ട്
ചൊല്ലാനുണ്ടോ പൊല്ലാപ്പ്
എല്ലാം കുളമായിട്ടയ്യയ്യോ.

★★★

# കളിയാടാതെ

വട്ടുതട്ടിക്കളിക്കല്ലെ
തട്ടമിട്ടൊരു പെണ്ണേ
ഒട്ടുവട്ടു കേറിയാൽ പിന്നെ
പൊട്ടസേട്ടു ഞാൻ പെണ്ണേ.

നിനച്ചിരിക്കാത്ത രാവിൽ
നിലാവൊലിച്ചിറങ്ങും രാവിൽ
വിളിച്ചിറക്കും ഞാൻ നിന്നെ
പൊളിച്ചടക്കും നിൻമോഹം.

★★★



## അകപ്പെട്ട സുന്ദരി

പൂട്ടതിനു പുറത്തില്ല
കള്ളനതു പൊളിക്കില്ല
വിട്ടുപോകില്ല നീ സുന്ദരി
അകപ്പെട്ടതെൻ മനസ്സിലത്രേ.

★★★

# മഴവിൽക്കാവടി

നിന്റെ മനസ്സിൻ താപങ്ങൾ
നൽ കവിതകളായിട്ടൊഴുകട്ടെ
എന്റെ മനസ്സിൻ ശോകങ്ങൾ
ആ കവിതപ്പുഴയിൽ അലിയട്ടെ.

ഓളമടങ്ങിയൊരാപ്പുഴയിൽ
താളനിബന്ധമായ് ഞാൻ തുഴയും
മഴ മുറിയാത്തൊരിടവപ്പാതിയിൽ
ഇടമുറിയാതെൻ തുഴയെറിയും.

കരഞ്ഞു കലങ്ങിയ നിൻ മിഴികൾ
തെളിഞ്ഞു തിളങ്ങും എൻ മൊഴിയിൽ
വരുവിൻ കരളേ എന്നരുകിൽ
തുഴയാം ഒരുമിച്ചിനി മേലിൽ.

കാറ്റും കോളുമടങ്ങീടും വൻ
മിന്നൽപ്പിണരുകൾ പിൻവാങ്ങും
മഴവിൽക്കാവടി കണ്ടകലെ
തുഴയാം ഒരുമിച്ചീത്തോണി.





# ഹൃദയരാഗം

പുഴയിലൊഴുകാത്ത വെള്ളം
ഹൃത്തിൽ നിന്നൊഴുകാത്ത സ്നേഹം
രണ്ടും കെട്ടിക്കിടന്നു നശിക്കും
ഇവ ജീവൻ തുടിക്കാതെ പോകും.

എൻ സഖീ നീ എന്നോടു ചൊല്ലൂ
ഞാൻ നിന്നിൽ ചൊരിഞ്ഞതാം സ്നേഹം
മലയിൽ പെയ്തോരു മഴപോൽ
മൊത്തം താഴേയ്ക്കു പാഴായി പോയോ?

ഈ മേടച്ചൂടിലെൻ ചിത്തം
മഴ കേഴും വേഴാമ്പലല്ലോ
ഇടി മിന്നി പായുന്ന മേഘം
വൻ മഴയായി പെയ്തെങ്കിലെന്ന്.

എൻ താപത്താൽ ആകുന്നതില്ലാ
നിൻ ഗാനങ്ങൾ മീട്ടുവാൻ പ്രിയേ
നിൻ സ്നേഹത്തിൻ ശീതളഛായ
ഹൃദയത്തിൻ രാഗമെൻ പ്രിയേ.

★★★



## വിളവെടുപ്പ്

വിളഞ്ഞു നിൽക്കുമീ പാടശേഖരം
കൊയ്തു കൂട്ടാനോടിവായോ പൈക്കിടാവേ
വയ്യ വയ്യ നേരമില്ലാ ഓടിടേണം
എന്നമ്മിഞ്ഞപ്പാൽ കുടിക്കാൻ കൂത്താടുവാൻ.

    വിളഞ്ഞു നിൽക്കുമീപാടശേഖരം
    കൊയ്തു കൂട്ടാനോടിവായോ മുട്ടനാടേ
    വയ്യ വയ്യ നേരമില്ലാ ഓടിടേണം
    തൊട്ടാവാടിപ്പെണ്ണെനിക്കായ് കാത്തിരിപ്പൂ.

വിളഞ്ഞു നിൽക്കുമീ പാടശേഖരം
കൊയ്തു കൂട്ടാനോടിവായോ പൊൻമുയലേ
വയ്യ വയ്യ നേരമില്ലാ ഓടിടേണം
നൽ കറുകപ്പുല്ല് കാത്തിരിപ്പൂ.

വിളഞ്ഞു നിൽക്കുമീപാടശേഖരം
കൊയ്തു കൂട്ടാനോടിവായോ തേൻകിളിയേ
വയ്യ വയ്യ നേരമില്ലാ പാഞ്ഞിടേണം
തേനതെല്ലാം പൂവിൽ വറ്റും മുമ്പേ.

വിളഞ്ഞു നിൽക്കുമീ പാടശേഖരം
കൊയ്തു കൂട്ടാനോടിവായോ കുറുകിപ്രാവേ
വയ്യ വയ്യ ഇന്നു ഞങ്ങൾ ദൂരെ ദൂരെ
ഒരു ചാമക്കണ്ടം കൊയ്യാൻ പോണു.

കണ്ടോ കണ്ടോ പൊന്നു കൊറ്റീ
എൻ വയലു കൊയ്യാനാരുമില്ല
നീ വരുമോ എന്റെ കൂടെ
കൊയ്തിടാം നാം സന്ധ്യ മുമ്പേ.

പതിരും നെല്ലും കച്ചിയും നാം
ഒപ്പമായി പങ്കു വയ്ക്കാം
വയ്യ വയ്യ എന്നു നീയെൻ
പൊൻകരളേ ചൊല്ലിടാതെ.

പോയിടേണം ഏറെ ദൂരെ
പാടമേറെ അകലെയാണ്
കൂർത്ത മുള്ളും ചുട്ടു പൊള്ളും
ചരൽ വഴിയും പിന്നിടേണം.

മുള്ളുകൊള്ളാം കാലുപൊള്ളാം
വിണ്ടുകീറാം നിന്നംഗുലങ്ങൾ
എങ്കിലും ഞാൻ കൂടെയുണ്ട്
നിന്റെ ദുഃഖം പങ്കിടാനായ്.

വന്നിടാം നാഥാ നിന്റെകൂടെ
കൊയ്തിടാം നാം പാടമെല്ലാം
പാറ്റിടും നാം പതിരതെല്ലാം
നന്മണികൾ ശേഖരിക്കാം.

★★★



# സ്വപ്നസുന്ദരി

ഇരു കവിളിൽ നുണക്കുഴിയും
ഇരു ചെവിയിൽ കുണ്ഡലവും
കണ്ണുകളിൽ കാജലുമായ്
ഒരു പൂങ്കുറിഞ്ഞിപ്പേരുകാരി.

ഇവളെന്റെ സ്വന്തമാകാൻ
ദീക്ഷ നീട്ടി നോമ്പെടുത്തു
ഹൃദയത്തിൻ ഭാവനയെ
താലോലിച്ച് കൂടെക്കൂട്ടി.

എല്ലാം വൃഥാ ഹൃത്തിൻ വ്യഥ
ദീക്ഷയെല്ലാം ജഡകെട്ടി
പ്രതീക്ഷയെല്ലാം അസ്തമിച്ചു
ദൂരെ ദൂരെ പൂങ്കുറിഞ്ഞി.

കാലമേറെ കടന്നുപോയി
അവളെ ഞാൻ മറന്നുപോയി
ഇന്നെന്തോ സ്വപ്നത്തില്
കടന്നു വന്നവൾ പൊടുന്നനെ.

നിദ്രാഭംഗം വന്നതിന്റെ
സുഖമതിൽ ലയിക്കവെ
കണ്ടു ഞാൻ ഒരു പൂങ്കുറിഞ്ഞി
എൻ നെഞ്ചകത്തിൽ ശയിക്കുന്നു.

★★★

# പൊൻതൂവൽ

പറന്നുവന്നൊരു കുഞ്ഞുതൂവൽ
വെള്ളരിപ്രാവിന്റെ കുഞ്ഞുതൂവൽ
എന്റെ തോളത്തു വന്നതു വിശ്രമിക്കേ
തേടി വന്നെൻ കാമുകി മെല്ലെ മെല്ലെ.

നിനച്ചവൾ മാറ്റിടാം ഈ വൃത്തികെട്ട
തൂവലെൻ തോളിൽ നിന്നെത്രവേഗം
ഉദ്ദേശശുദ്ധിയാലെതിർത്തതില്ല
നിനച്ചില്ലാ അവളതു പൊടിക്കുമെന്ന്.

തിരുമ്മിപ്പൊടിച്ചവളതെത്ര വേഗം
പിടഞ്ഞുവെൻ മനവുമതിന്റെ കൂടെ
പറഞ്ഞു ഞാനറിയാതെ 'എൻപ്രിയ തൂവൽ'
ചുളിച്ചവൾ നെറ്റി തന്നപരാധത്തിൽ.

ഒരു ബുദ്ധനുണ്ടവളുടെ മനസ്സിലെന്ന്
വെളിവായെനിക്കന്നവചാരിതത്തിൽ
സത് മനോഭാവത്തിലാകൃഷ്ടനായി
അവളിൽ ഞാനനുരാഗബദ്ധനായി.

★★★



# തിരയും തീരവും

ആ ചിന്ത വേണ്ടാ നിനക്കൊറ്റയ്ക്കു പോകുവാൻ
പോകണമെങ്കിൽ നമുക്കൊരുമിച്ചു പോയിടാം
കവിതകൾ മൂളാം ചെറുകഥകൾ ചൊല്ലാം
കടല കൊറിക്കാം കടൽക്കാറ്റുകൊള്ളാം.

സോപാന സംഗീതം കേട്ടുകൊണ്ടായിരം
ഫൽഗുന നാമം ജപിച്ചുകൊണ്ടീവേള
കുറിയിട്ടു ചുറ്റിടാം ഗോപാല ഗോപുരം
ആപാദചൂഢം വന്ദനം നരോത്തമ.

നിൻ താപ ചിന്തകൾക്കെല്ലാം ചെറു
കടിഞ്ഞാണിടാം ചുറ്റും മതിലുകെട്ടാം
അലയടിച്ചുയരും നിൻ താപത്തിരയെല്ലാം
എൻ മാനസതീരത്തടിഞ്ഞു തകർന്നിടട്ടെ.

★★★



## രാധയുടെ മോഹം

എൻ കണ്ണാ നീ വന്നാലും കണ്ണാ
എൻ കണ്ണോടു കൺചേർത്തു വന്നാലും കണ്ണാ
എൻ കണ്ണിന്റെ കണ്മണിയായി വന്നാലും കണ്ണാ
എൻ വിണ്ണിന്റെ മഴവില്ലായി വന്നാലും കണ്ണാ.

ഉണ്ണിക്കണ്ണാ കള്ളക്കണ്ണാ കാകൻ തോല്ക്കും നിൻ
കള്ളക്കണ്ണെന്താണു തേടുന്നതെന്നിൽ
കട്ടുതിന്നാൻ നൽവെണ്ണയില്ലാ തച്ചുടയ്ക്കാൻ
മൺകലവുമില്ലാ കണ്ണാ എന്റെ കയ്യിൽ.

മാടു മേഞ്ഞിടാത്തെൻ മനവൃന്ദാവനം കണ്ണാ
നിനക്കാനന്ദ രാസലീലയ്ക്കാധാരം കണ്ണാ
കണ്ണാ കാർമുകിൽവർണ്ണാ എൻ കാളിന്ദി തന്നിൽ
താണ്ഡവമാടി തളർന്നുറങ്ങാം അനന്തമായി.

കള്ളാ മണ്ണുണ്ണിക്കണ്ണാ നിൻ വായിലെ മണ്ണിൽ
ഒളിപ്പിച്ചു വച്ചല്ലോ സൂത്രത്തിലീ പ്രപഞ്ചം
വെറും മണ്ണായും വിണ്ണായും മാറുമെൻ ദേഹം
നറും നെയ്യായ് നിൻ മെയ്യോടുചേരുവാൻ മോഹം.

★★★



# തോൽവിയിലെ സുഖം



നല്ല മുല്ലപ്പൂവിൻ ഗന്ധമെന്നാൽ
കാറ്റുകൊള്ളില്ലേ, ആ കാറ്റുകൊള്ളില്ലേ?
നല്ല ഭംഗിയുള്ളൊരു ലില്ലി കണ്ടാൽ
നോക്കി നിൽക്കില്ലേ, നീ നോക്കി നിൽക്കില്ലേ?

ഇമ്പമുള്ളൊരു പാട്ടുകേട്ടാൽ
കേട്ടു നിൽക്കില്ലേ, നീ കേട്ടു നിൽക്കില്ലേ?
നീണ്ടു നല്ലൊരു മൂക്കു കണ്ടാൽ
നോക്കി നിൽക്കില്ലേ, നീ നോക്കി നിൽക്കില്ലേ?

ചന്ദനത്തിൻ ചുണ്ടു കണ്ടാൽ
ഉമ്മ വയ്ക്കില്ലേ, നീ ഉമ്മ വയ്ക്കില്ലേ?
മുട്ടിറങ്ങിയ മുടിയഴകിൽ
തട്ടി വീഴില്ലേ. നീ തട്ടി വീഴില്ലേ?

പാൽപായസത്തിൻ പുഞ്ചിരിയിൽ
മയങ്ങി വീഴില്ലേ, നീ മയങ്ങി വീഴില്ലേ?
ബുദ്ധിയുള്ളൊരു സുന്ദരിയെ
സ്വന്തമാക്കില്ലേ, നീ സ്വന്തമാക്കില്ലേ.

★★★





# പുനർജ്ജനി

മഥിച്ചിടുന്നെൻ മനസ്സിൻ താരകേ
മമതയാർന്നിഹ വരിക നീ ചാരേ
പ്രണയഗോപുരം പണിയുവാനായ്
പ്രകൃതി ദേവി തൻ സ്വരൂപമേ വരൂ.

തുടുത്ത നിന്നിളം കവിളിൽ വിരിയുമാ
പാൽപുഞ്ചിരി തൻ വർണ്ണരാജിയിൽ
മടുത്ത ജീവിത തുരുമ്പു പേടകം
മിനുക്കി വീണ്ടും നീ പുത്തനാക്കാൻ വരൂ.

ഇരുണ്ട ജീവിത ത്രിസന്ധ്യയിൽ ഇന്നു നീ
നിറഞ്ഞു ചന്ദ്രികാ പ്രകാശമായ് വരൂ
വിയർത്തൊലിച്ചൊരീ വിളർത്ത നെറ്റിയിൽ
നീ വരൂ ഇളം തെന്നലായ് കന്യകേ.

വരണ്ട ഭൂമിതൻ ദാഹശ്ശമനിയായ്
നീയൊരു നൽ പൂമഴയായ് വരൂ
മരിച്ചിടുന്നു ഞാൻ സ്നേഹനിർലബ്ദിയിൽ
എനിക്കു നീയൊരു പുതുജീവിതം തരൂ.

★★★

# യോഗമുദ്ര



# പ്രാർത്ഥന

യേശുവേ എന്നെ നീ നേർവഴിക്കാക്കണേ
നിന്നെ ഞാൻ സാദരം കൈകൂപ്പുമാറാക്കണേ
ചുറ്റിലും പ്രലോഭനം തട്ടി മാറ്റീടണേ
കെട്ടുപിണഞ്ഞൊരീ ജീവിതക്കെട്ടു പൊട്ടിക്കണേ.

മയങ്ങിടും വിശ്വാസ ജീവിതം തൊട്ടുണർത്തണേ
തപ്തമെൻ മാനസം നീ ശാന്തമാക്കണേ
നിൻമുഖം കാണുവാനുള്ളിലെ വൻമതിൽ മാറ്റണേ
എൻഹൃത്തിൽ വസിക്കുവാൻ നീ വാതിൽ തുറക്കണേ

അവിദ്യതൻ അജ്ഞത വിദ്യകൊണ്ടകറ്റണേ
സഭ്യമാം ചിന്തകൾകൊണ്ട് മനം നിറയ്ക്കണേ
ചക്രവാളത്തിലെ കാർമേഘം കാറ്റാലകറ്റണേ
കൈകൂപ്പുമീ വൃദ്ധനെ നീ സാദരം കാക്കണേ.

★★★



# കലിയുഗവരദൻ

കലിയുഗ വരദാ അയ്യപ്പസ്വാമി
ശരണം ശരണം ഭഗവാനേ
നിൻ ചരണം പൂകും പാപിയിതാ
നിൻ ശരണം വിളിയോടണയുന്നു.

ചെയ്തൊരു തെറ്റും പാപവിചാരോം
ഇരുമുടിക്കെട്ടിൽ കെട്ടിമുറുക്കി
നാല്പതു ദിനവും വ്രതവും നോറ്റ്
പതിനെട്ടാംപടി കയറുന്നു.

കനിയൂ നിൻകൃപ ചൊരിയൂ സദയം
പുലിയെ മെരുക്കിയ നീ എന്നെ
മെരുക്കാൻ കൃപയാകേണം എന്നൊരു
പ്രാർത്ഥന മാത്രമണപ്പേൻ അയ്യപ്പാ.

വീണ്ടും വീണ്ടും മകരവിളക്കിൻ
ദർശനമേകി എന്നകവും പുറവും
പമ്പയതിൽ കഴുകിത്തരണേ ശാസ്താവേ
ശരണം ശരണം പൊന്നയ്യപ്പാ.

★★★



# അർപ്പണം

അർപ്പിച്ചിടുന്നിതാ നിൻ തൃപ്പാദത്തിൽ
വ്യർത്ഥമെൻ ജീവിത പുഷ്പാഞ്ജലി
പാപപങ്കിലമെൻ ജീവിതത്തെ
എന്നേശുനാഥാ നീ സ്വീകരിക്കൂ.

നിത്യമണവാളനാം യേശുനാഥാ
നിൻ മണവാട്ടിയായെന്നെ സ്വീകരിക്കൂ
മണവാട്ടിയാകാനയോഗ്യയെങ്കിൽ
ദാസിയായിട്ടെങ്കിലും നീ സ്വീകരിക്കൂ.

ത്യാഗത്തിൻ പാതകൾ തേടിടുവാൻ
ലോകത്തിൻ മാർഗ്ഗങ്ങൾ വിട്ടകന്ന്
സ്വർല്ലോക വാതിലിൽ മുട്ടിടുമ്പോൾ
കേൾക്കണേ സാദരം എന്റെ നാദം.

കുഷ്ഠം, ക്ഷയം, മഹാമാരികളാൽ
അഭിശപ്തമായൊരു ഗേഹങ്ങളിൽ
ഭയലേശമന്യേ കടന്നു ചെല്ലാൻ
ശക്തിയെനിക്കേകൂ സർവ്വ നാഥാ.

വിദ്യ ലഭിക്കുവാൻ വഴിയില്ലാതലയും
തെരുവിന്റെ മക്കളെ ഉദ്ധരിക്കാൻ
തർപ്പണം ചെയ്യുന്നു സർവ്വവും ഞാൻ
സ്വീകരിക്കൂ ഈ ബലി നീ യേശുനാഥാ.

★★★

# വ്രതവാഗ്ദാനം

നിൻ വ്രത വാഗ്ദാനമീ ദിനത്തിൽ
മംഗളം നേരുന്നിതാ നിറവിൽ
മംഗളം സോദരീ നിൻ വിളക്കിൽ
എണ്ണ വറ്റാതിരിക്കാനാശംസകൾ.

ദൈവസ്നേഹം ജ്വലിക്കും നിൻ മനസ്സിൽ
ക്ഷമിക്കും പരസ്നേഹം നിറഞ്ഞിടട്ടെ
ഊഴി തന്നാഴമാം അഴലകറ്റാൻ
ആകുമോ ഏഴയാം മാനുജന്?

കല്ലുകൾ മുള്ളുകൾ തെരുവതിലെ
ചിന്നം വിളിക്കുന്നോരാക്രോശങ്ങൾ
മുറിക്കാതിരിക്കട്ടെ നിൻ മനസ്സ്
മറക്കാതിരിക്കട്ടെ നിൻ വ്രതവും.

കുറ്റം വിധിക്കും വിമർശനവും
നിന്നെ പുകഴ്ത്തും പ്രശംസകളും
ഒന്നും തളർത്താതെ കാത്തിടട്ടെ
നിന്നെ നിരന്തരം വളർത്തിടട്ടെ.

എന്തിനോ അധികാരി വിധിയാളനിന്ന്
നമ്മെ അകറ്റി അകലത്തിലിന്ന്
ഭൂമിതൻ വ്യത്യസ്ത കോണിൽ നിന്ന്
ഓർത്തിടാം പരസ്പരം പ്രാർത്ഥനയിലിന്ന്.

★★★



# നൂറിന്റെ നിറവിൽ

ഈശോയെൻ വിത്തു സൂക്ഷിച്ചുവച്ചു
അത് നല്ല നിലത്ത് വിതച്ചു
നിത്യം വെള്ളമൊഴിച്ചു നനച്ചു
ഇന്നീശോയെൻ നൂറു തികച്ചു.

എൻ നൂറു നിനക്കു ഞാനേകും
എൻ പുഞ്ചിരിപ്പൂവു ഞാനേകും
എൻ സന്തോഷം വാചാലമേകും
എൻ കണ്ണു നിറഞ്ഞു വന്നേക്കും.

എൻ മാതാപിതാക്കളെ നമിപ്പൂ
എൻ ഗുരുഭൂതരെ നമിപ്പൂ
എൻ സോദരരെ സ്മരിപ്പൂ
എൻ പ്രിയ സതീർത്ഥ്യരെ സ്മരിപ്പൂ.

ശിഷ്യഗണങ്ങൾ തൻ നന്മ
സർവ്വ ചരാചരം തൻ ഉണ്മ
എല്ലാം വളമാക്കി ഞാൻ മാറ്റി
നൂറു വിളവാക്കി നീ മാറ്റി.

നന്ദിയോടെല്ലാം ഞാൻ സ്മരിപ്പൂ
എനിക്കേകിയ നന്മകളെല്ലാം
എനിക്കേകമാം ആശയേ ബാക്കി
നിന്നെ കാണുവാനാണെന്റെ ഈശോ.

★★★

# പ്രശ്നസൂത്രം




## വീട്ടിലേക്കുള്ള വഴി

ഒന്നു ചൊല്ലിത്തരുമോ സോദരാ സാദരം
എന്റെ വീട്ടിലേക്കുള്ള വഴിയും വിലാസവും
ഇന്നലെ പ്രഭാതത്തിൽ വീടുവിട്ടിറങ്ങുമ്പോൾ
ഓർത്തിരുന്നൂ എന്റെ പേരും വിലാസവും നിശ്ചയം.

ഇന്നെന്തു സംഭവിച്ചെന്നെനിക്കറിയില്ല സോദരാ
എല്ലാം മറന്നുപോയ് ഞാനീ പ്രദോഷത്തിൽ
ഒന്നു ചൊല്ലിത്തരൂ ഞാനാരെന്നും വീടേതെന്നും
എൻ പ്രിയ കളത്രവും പുത്രനുമെവിടെയെന്നും.

പറയുമോ ഞാനിന്ന് ജലപാനം നടത്തിയോ?
ഭക്ഷണം കഴിച്ചുവോ?  വസ്ത്രങ്ങൾ മാറിയോ?
ഒന്നുമേ ഓർമ്മയിൽ തങ്ങുന്നതില്ലല്ലോ സോദരാ
ഒരല്പം കനിവു നീ കാട്ടുമോ സോദരാ.

വഴിമാറൂ വയസ്സനേ നിൻ രോദനം കേൾക്കുവാൻ
നേരമെനിക്കില്ല പോകട്ടെ ഞാൻ ധടുതിയിൽ
ആപ്പീസുകാര്യങ്ങളൊത്തിരി ഈ കക്ഷത്തിലെ
ബാഗിലൊതുക്കി വച്ചിരിപ്പൂ ഞാൻ വഴിപോക്കനേ.

വരും വേറൊരുത്തൻ എന്റെ പുറകേ ഒരുപക്ഷെ
നേരമുള്ളവൻ നേരറിവുള്ളവൻ വഴികാട്ടും.
ഇപ്രകാരമുരിയാടി മുന്നോട്ടു പോയവൻ
തെല്ലുദൂരെ ചെന്നൊന്നു തിരിഞ്ഞു നോക്കവെ

കണ്ടൂ പിതാവു തൻ കീറിപ്പറഞ്ഞൊരു വേഷവും
മിന്നായം പോലെയാ താടിയും കഷണ്ടിയും
സ്തബ്ദനായ് നിന്നവനത്ഭുതം കൂറിനാൻ
താനോ പിതാവോ ആരാണുതൻ വീടുമറന്നവൻ?

★★★

# നിഴൽ



നളനൊരുവൻ പ്രഭാതേ നിളാതീരെ
കുളികഴിഞ്ഞു നിവർന്നപ്പോൾ
കരിക്കട്ട നിറത്തിൽ തൻ നിഴൽ
കണ്ടമ്പരന്ന് പ്രയാണമായ്.

ഈ നിഴൽ ഭൂതം പിടികൂടും തന്നെ-
യെന്ന ശങ്കയിൽ നളനവൻ
അമ്മതൻ മാറത്തഭയം തേടി
ഭയന്നോടി കിഴക്കോട്ട് അതിവേഗം.

തിരിഞ്ഞുനോക്കി അവനിടയ്ക്കിടെ
നിഴൽ ചെറുതായി വരുന്നിതാ
രാക്ഷസ നിഴലതാ മറഞ്ഞല്ലോ
ആശ്വാസമായവന് മദ്ധ്യാഹ്നത്തിൽ.

ഓർത്തതപ്പോൾ കുളിക്കടവിൽ
അഴിച്ചുവച്ചതാം ഉത്തരീയം
അവയെടുക്കണം സന്ധ്യമുമ്പേ
വീട്ടിൽ തിരിച്ചെത്തണം ധടുതിയിൽ.

ഇതാ വീണ്ടും നിഴൽ രാക്ഷസൻ
വിടാതെന്നെ പിന്തുടരുന്നോ
പിടികൂടും അവൻ തന്നെ സുനിശ്ചയം
കുതിച്ചു പാഞ്ഞു നളനിതാ പടിഞ്ഞാട്ട്.

കടവിൽ കിതച്ചവൻ തിരിച്ചെത്തി
തൻ വെളുത്ത മുണ്ടുടുത്തതും
നിളാതീരെ മറിഞ്ഞു വീണതും
ചിതയിലെരിഞ്ഞതും പഴങ്കഥ.



## സ്വാതന്ത്ര്യം

ഏറെയകലെ ഏതോ കര
എപ്രകാരമോ ഏറെ ചുവന്നു
ഇങ്ങരികിൽ ഇരുട്ടുകടലിൽ
ഒരു പാഴ്ത്തടിയിൽ ഞനൊഴുകി.

എന്റെ മനസ്സിൽ സംശയത്തിൻ
വിത്തുപാകി നീ എന്തു നേടി?
വെളുത്ത കൊറ്റീം കടൽ കാക്കേം
എന്തിനിത്ര തിടുക്കത്തിൽ പറക്കുന്നു?

ചുവന്ന കരയിൽ തുഴഞ്ഞടുക്കാൻ
തിളയ്ക്കുമാവേശത്താൽ തുടിക്കുന്നെൻ മനം
ചക്രവാളം ചുവന്നതെന്തേ? കോട്ട-
കൊത്തളങ്ങൾ തീയതിട്ടോ കണ്ണകി?

ഗാന്ധി നമ്മെ പഠിപ്പിച്ചു സത്യ-
മത്രെ സ്വാതന്ത്ര്യത്തിൻ ദൈവപുത്രൻ
ഏഴു റാത്തൽ മാംസമായിട്ടവ-
തരിച്ച ഏഴതാനോ നീയും ഞാനും?

സഖീ നിനക്കെന്തിനീ അലംഭാവം
എടുക്കൂ നിൻ കൊടിക്കൂറ ഝടുതിയിൽ
പിടിച്ചടക്കൂ നിന്നധികാര ഗോപുരം
പാറിടട്ടെ സ്വതന്ത്രമായിട്ടീ കൊടിക്കൂറ.

★★★

# മണ്ണിന്റെ മക്കൾ



അവൾ കോതാമ്പല
അവൻ കൊടുങ്ങലി
കാവലി പെറ്റവർ
കാവലന്റെ മക്കൾ.

നിറത്തിൽ കറുത്തവർ
കറകളഞ്ഞ മനസ്സുള്ളവർ
കാടി കട്ടു കുടിച്ചവർ
കാലികൾക്കൊപ്പം വളർന്നവർ.

അക്ഷരം പഠിക്കാത്തവർ
ഇസങ്ങളറിയാത്തവർ
ശുദ്ധമാനസ വിഡ്ഢികൾ
ഇവരെയാണെനിക്കു പേടി.

കടന്നൽ കൂട്ടിലാരോ
കരുതിക്കൂട്ടി കല്ലെറിഞ്ഞു
കരുമാടിക്കുട്ടന്മാർ
പാഞ്ഞടുക്കുന്നിതാ.

ഓടി ഒളിക്കുവാൻ
നിന്നറകളിന്നെവിടെ?
കുത്തേറ്റാൽ കടന്നലിൻ
കൊമ്പൊടിഞ്ഞിരിക്കും നിശ്ചയം.

തീ താണ്ഡവത്തിലീയൽ പോൽ
കരിച്ചൊതിക്കും നിന്നഹന്തകൾ
പാഞ്ഞടുക്കുമീ കുട്ടികൾ
പൊളിച്ചടുക്കും വ്യവസ്ഥകൾ

★★★.

# പരമസത്യം

നഗ്നസത്യം മണ്ണടിയും
നമുക്കൊപ്പം പലപ്പോഴും
സത്യമത്രേ അവയെല്ലാം
പുനർജനിക്കും വരുംകാലേ.

നിന്റെ മാനസ ചിന്തകളും
പൊന്തിടുന്നൊരു ജല്പനവും
സത്യമായും സത്യമാകും
കാലചക്ര പരിക്രമേ.

ലോകമാകും സാഗരത്തിൽ
യാത്രപോകും തോണിക്കാരാ
ലക്ഷ്യം നിന്റെ സ്വന്തമത്രേ
മാർഗ്ഗം സൂക്ഷ്മം സത്യമത്രേ.

സത്യമാർഗ്ഗം വിട്ടിടുകിൽ
നിത്യമായും നീ നശിക്കും
ഭാരതത്തിൻ മുനികളേവം
ഓതിവച്ചാ പരമസത്യം.

★★★



## കടങ്കഥ

സുസ്മേര വദന
സ്വപ്നാശു നയന
നാട്യ കലാനിധി
കുലീനാംഗന.

പ്രശസ്തി തൻ മുനമ്പിൽ
ഉർവ്വശി പഥത്തിൽ
ദുഃഖം എന്തിനോ
തീരുമാനം ക്ഷണം.

ഇതാ ഒരു കയറിൽ
സർവ്വവും ഹാ ശുഭം
സർവ്വത്ര സംശയം
അന്വേഷണം വൃഥാ.

ഇതെന്തു കടങ്കഥ
ഉത്തരം ലഭിക്കാത്ത
ബുദ്ധിയെ മഥിക്കുന്ന
ജീവിത കടങ്കഥ.

★★★

# വീഴുവാനെന്തെളുപ്പം



വീഴുവാനെന്തെളുപ്പം
ഒരു ചെറു വള്ളിയിൽ തട്ടിയാൽ
കാൽച്ചുവട്ടിലൊരു കല്ലുരുണ്ടാൽ.

വീഴുവാനെന്തെളുപ്പം
ഒരു കൊച്ചു മുള്ളു കൊണ്ടാൽ
ഒരു നുള്ളു ധൂളി കണ്ണിലായാൽ.

വീഴുവാനെന്തെളുപ്പം
ഒരു തുള്ളി വെള്ളം തറയിലായാൽ
ഒരു നുള്ള് ചേറ് ചെരിപ്പിലായാൽ.

വീഴുവാനെന്തെളുപ്പം
ഒരു പഞ്ചാരവാക്കു കേട്ടാൽ
ഒരു കള്ളക്കൺ നോക്കു കണ്ടാൽ.

വീഴുവാനെന്തെളുപ്പം
ഒരു തുള്ളി കള്ളൊന്നുള്ളിലായാൽ
ഉള്ളത്തിൻ ഭള്ളൊന്നു വെളിയിലായാൽ.

വീഴുവാനെന്തെളുപ്പം
അല്പമാം ധനത്തിലാർത്തിപൂണ്ടാൽ
അല്പനായ് കാമത്തിലാണ്ടുപോയാൽ.

വീഴുവാനെന്തെളുപ്പം
എന്നോർത്തു പോകുകിൽ കിടാവേ
ലക്ഷ്യത്തിലെത്താം പാടെ വീണിടാതെ.

★★★

# അത്താണി

ഇന്നലെ സന്ധ്യക്ക് താതൻ ചൊല്ലിയോ
നാളെയീ വീടിന്റെ ഭാരം ചുമക്കേണ്ട
കെല്പെഴും അത്താണിയാകേണ്ട ഞാനിന്ന്
ആണിയായോ താതന്റെ ക്രൂശിലെന്ന്?

തട്ടുകടയിൽ കപ്പക്കറി വിറ്റിട്ടഷ്ടി
പുലർത്തുമെന്നച്ഛനിന്നറിയില്ല
മുപ്പതു സപ്ലിയിൽ നടുവൊടിഞ്ഞാണീ-
പ്പുത്രന്റെ വാദത്തിൻ മുനയൊടിഞ്ഞതെന്ന്.

മാത്തമാറ്റിക്സാം ആനകേറാമല
ഗ്രാഫിക്സെന്നൊരു ബാലികേറാമല
മെക്കാനിക്സെന്നൊരു ഇഞ്ചക്കാടും
താണ്ടാനാകാതടിയറ പറ്റി പോയച്ഛാ.

ആറു സെമസ്റ്റർ പിന്നിട്ടപ്പോൾ
ഏറും റെക്കോഡുമസൈൻമെന്റുകളായി
പേറും ഭാരമിതോർത്താൽ പിന്നെ
യുദ്ധമതല്ലോ ഗോദയിലെന്നും.

ചുറ്റിലും ചെന്നായ്ക്കൾ കഞ്ചാവുമായിട്ടും
കുപ്പിയിൽ കൂട്ടുകാർ കയ്യൊപ്പു ചാർത്തിയും
സുന്ദരി വന്നുപോയ് സ്മാർട്ടായ ഫോണതിൽ
ഇതിനെല്ലാം ഞാനോ പ്രശ്നമെൻ കൂട്ടുകാരേ?

കൂട്ടരേ ഞാനിന്നീ കടന്നൽ കൂടുവിട്ടു
സ്മാർട്ടായ ഫോണതും പാടേവിട്ടു
മാത്തമാറ്റ്ക്സിന്നെന്റെ കൂട്ടുകാരൻ
തപസ്സിരിപ്പൂ ഗ്രാഫിക്സിന്റെ ചാരേ.

സ്വാതന്ത്ര്യം പ്രാപിച്ചു ഞാനിന്നു രാത്രി
താതന്റെ ക്രൂശിലെ ആണി ഞാനാവതില്ല
എൻ വീടിന്ന് അത്താണി ഞാനാകും നൂനം
പോയിടാം കൂട്ടരേ ഒത്തൊരുമിച്ചു വേഗം.

★★★

# വിചിന്തനം



# അപ്പൂപ്പൻതാടി

എന്നമ്മതൻ തോളത്തു താരാട്ടു കേട്ടുറങ്ങവേ
കുസൃതിക്കാറ്റമ്മയിൽ നിന്നെന്നെയടർത്തിയിട്ടു
എന്നമ്മതൻ കാൽക്കൽ കരഞ്ഞു ഞാൻ നിൽക്കവെ
ഒരു പടിഞ്ഞാറൻ കാറ്റെന്നെ പറത്തിവിട്ടു.

കാറ്റെന്നെ അമ്മാനമാടവെ വിത്തു കൈവിട്ട ഞാൻ
വിത്തില്ലാ അപ്പൂപ്പൻതാടിയായ് പരിണമിച്ചു.
കാറ്റത്തലയുന്നീ അപ്പൂപ്പൻതാടിയെ തെല്ലൊന്നു
ഗൗനിക്കാൻ കുട്ടികളല്ലാതാരുണ്ടീ ഭൂമിയിൽ?

കുട്ടികളൂതിപ്പറപ്പിക്കുമീ അപ്പൂപ്പനാഗ്രഹം
ഭൂമിയിൽ തെല്ലൊന്നു തല ചായ്ച്ചുറങ്ങുവാൻ.
കാറ്റുമീ കുട്ട്യോളും സമ്മതിക്കില്ലതിനൊട്ടുമേ
അല്ലയോ മേഘമേ ഒന്നോർത്താൽ നാം തുല്യദുഃഖിതർ.

എത്ര കാലമായിട്ടലയുന്നു നീ വാനിൽ
ദുഃഖഭാരത്താൽ മുഖം മ്ലാനമാക്കുന്നിടയ്ക്കിടെ
പൊട്ടിത്തെറിച്ചിട്ട് മിന്നൽപ്പിണരയക്കുന്നു
പെരുമഴയായ് വന്നെന്നെ താഴെയിറക്കൂ നീ.

★★★



## ചിലന്തി

തേനൂറും പൂക്കളെ ഗൗനിക്കാതെന്തേ നീ
ഇമ്മട്ടിൽ മൗനിയായ് തപസ്സിരിപ്പൂ
സൗരഭ്യ പൂരിത പൂമരക്കൊമ്പിലെ
വലയിൽ നീ എന്തിനായ് കാത്തിരിപ്പൂ.

നീ വലകെട്ടി പാർക്കുമാ കൊമ്പിലെ
തേനതിന്നവകാശി നീ താനല്ലോ
ഇമ്പമേറുന്നൊരാ തേനൂറ്റാൻ വന്നിടും
പൂമ്പാറ്റ തേനീച്ച കൂട്ടരെല്ലാം.

തേനതിൻ ചോട്ടിലും ചോരയൂറ്റുന്ന നീ
എന്നു പഠിക്കുമെൻ മൂഢയാം രാക്ഷസീ
എത്രയോ മോഹന സുന്ദര ജീവിതം
ഹോമിച്ചു നേടി നീ ശാപമീ ജീവിതം.

പൂമ്പൊടി ചാലിച്ചു തേനതു മോന്തുകിൽ
പമ്പകടക്കും നിൻ ദേഷ്യവും മൗഢ്യവും
തേനകത്താകുകിൽ ഏഴഴകുള്ളതാം
ചിത്രശലഭം പോലാകില്ലയോ നീ.

★★★



# പാഴ്കോലങ്ങൾ

തറവാട്ടുകോലായിൽ ചാരുകസേരയിൽ
വെറ്റിലചെല്ലമായ് കിന്നാരം ചൊല്ലിയ
മുത്തശ്ശൻ മുത്തശ്ശി ഇന്നെങ്ങുപോയ് കൂട്ടരെ?
കണ്ടവരുണ്ടെങ്കിൽ ഒന്നു ചൊല്ലീടൂ കൂട്ടരെ.

ആറക്കശമ്പളമൊപ്പിട്ടു വാങ്ങുവോർ-
ക്കൊട്ടുമില്ലാ നേരം അമ്മയെ നോക്കുവാൻ
വീട്ടിലെ കാവൽപ്പട്ടി കണക്കിനേ പകൽ
കൂട്ടിലടയ്ക്കപ്പെട്ടവരത്രെ ഈ വയോധികർ.

പോറ്റിവളർത്തിയൊരമ്മയുമച്ഛനും
കോലായിൻ മൂലയിൽ ചീഞ്ഞു നാറുന്നിതാ
ഈ പാഴ്‌വസ്തുക്കൾ തൂക്കിവാങ്ങിക്കുവാൻ
ആരാനും വന്നെങ്കിലാശ്വാസമായേനെ.

തസ്കരരിൽ നിന്നും വീടു സംരക്ഷിക്കണം
മക്കടെ മക്കളെ ബസ്സ് സ്റ്റോപ്പിലാക്കണം
ഇത്തരം ജോലികൾ അച്ഛന് നിശ്ചിതം
മുറ്റമടിക്കലും തൂക്കലും അമ്മയ്ക്ക് കല്പിതം.

ഏകരായ് മൂകരായ് ശോകരായ് ഇന്നവർ
ചൂണ്ടുമാ കൈവിരൽ നമ്മുടെ നേർക്കുതാൻ
ഭ്രാന്തമായ് പായുന്ന നമ്മളൊന്നോർക്കുക
നാളെ നാം തോട്ടത്തിൽ കമ്പോസ്റ്റുകൂനയിൽ.

★★★

# പൂർവ്വികർ

മരിച്ചുപോയി അവരെല്ലാം
വൃദ്ധരായും അല്ലാതെയും
പ്രശസ്തരല്ല അവരൊന്നും
ഓർക്കുന്നില്ല അവരെ നാം.

അപ്പൂപ്പൻ തന്നപ്പനേയും
അമ്മൂമ്മ തന്നമ്മയേയും
നമുക്കു ജീവൻ തന്നവരേയും
ഓർത്തു നോക്കു കൂട്ടരെ നാം.

വെയിലോ മഴയോ കൂസാതെ
നടുവിൻ വേദന ഓർക്കാതെ
തലയിൽ ഭാരം ചുമന്നവരും
കാതം വഴികൾ നടന്നവരും.

ഓർക്കുക നമ്മൾ വെളിവായി
തരണം ചെയ്യും ഈ വഴികൾ
ഊറ്റിയെടുത്തൊരു നന്മകളും
മനനം ചെയ്യൂ എന്നെന്നും.



# എന്റെ റോസ

ഇന്നിതാ തോട്ടത്തിൽ റോസ പൂത്തു
വെട്ടിയൊരുക്കിയ കൊമ്പിതൊന്നും
എത്രയോ കാലമായ് പൂത്തതില്ല
ഇന്നിത് പൂക്കുവാൻ കാര്യമെന്ത്?

ചൊല്ലുക ശലഭമേ സാദരം നീ
എന്തിനു നിത്യവും വന്നിടുന്നു
ഒരിയ്ക്കലും ലഭിക്കാത്ത പൂമ്പൊടിയും
തേനും തിരക്കി ഈ പൂങ്കാവനേ.

എത്രയോ വേനലിൽ കണ്ണീർ വീഴ്ത്തി
ചുവടതിൻ താഴെ തപസ്സിരുന്നു
റോസതൻ മുള്ളുകൾ ഒന്നുമല്ല
പരിഹാസ മുള്ളുകൾ ഏറ്റിടുമ്പോൾ.

ആശവെടിഞ്ഞിവ വെട്ടിമാറ്റാൻ
ചിന്തിച്ചുറച്ചപ്പോൾ എന്തിനോ നീ
പുഷ്പിണിയാക്കിയെൻ റോസയെല്ലാം
കണ്ണു നിറയുന്നേറെ നന്ദിയോടെ.

അത്ഭുതാവേശത്തിൽ നോക്കി നില്പൂ
കുട്ടികൾ തോട്ടത്തിലപൂർവ്വ കാഴ്ച കണ്ട്
ജീവിതം സാർത്ഥകമായ് ഇന്നിതെന്റെ
അർപ്പിപ്പൂ നിൻ പാദേ പൂവിതെല്ലാം.

★★★

# തിരിച്ചറിവ്



# പരാജിതൻ

ഈലോക ജീവിതത്തിൽ തീരെ വിരക്തനായ്
പാപ വിമോചന പാതകൾ തേടിത്തേടി
കാലമേറെയായിട്ടലയുന്നു ഞാനേകനായ്
കാനനച്ചോലകളിൽ മാമലദ്വാരങ്ങളിൽ.

അസ്വസ്തമായെൻ മനസ്സിന്റെ വിശ്വസ്തനാം
കാവൽക്കാരൻ മാത്രമായ് പരിണമിച്ചീ ശരീരം
സ്ഥൂലമാം ചിന്തകൾക്കെല്ലാമതീതനായ്
രുദ്രാക്ഷമണികളിൽ ജീവിതം തെന്നവെ.

ചൊല്ലി ഞാൻ എന്നോടു തന്നെ പലവട്ടം
ഇല്ല ഞാൻ വീഴുകില്ലത്ര പെട്ടന്നൊന്നും
മറക്കില്ല ജീവിതത്തിന്നിടർച്ചകൾ
കൊഴിഞ്ഞു വീണൊരാ പകലുകൾ രാത്രികൾ.

മോഹനാംഗിതൻ കയ്യക്ഷര വടിവതിൽ
ചൊടിയതിൻ പാൽപുഞ്ചിരി ഒളിയതിൽ
മയങ്ങി വീഴുവാൻ എന്തഹോ കാരണം
പര്യായമോ ജ്ഞാനശക്തിതൻ ഈശ്വരാ.

★★★



# വാഴക്കൃഷി

പണ്ടൊരിക്കൽ ചെയ്തിരുന്നു മാപ്പിള
ഏത്തവാഴക്കൃഷി തൊടിയിലാകെയും
വൻ കുലകൾ നാട്ടി അവയേവയും
കുനിഞ്ഞു നാണിച്ചു നിൽക്കവെ.

വന്നു പയ്യനൊരുവൻ തൊടിയിലൊരു ദിനം
നായർ ഹോട്ടലിൽ ഊണിന്നിലവെട്ടുവാൻ
"അയ്യോ കുട്ടാ, കുലവാഴതൻ ഇല
വെട്ടാതെടാ വെട്ടിയാൽ കുല കെട്ടുപോം."

പ്രതിവചിച്ചു പയ്യനീവ്വിധം ശഠാ
"അനുവദിച്ചു മാപ്പിള ഇലവെട്ടുവാൻ"
"ഇല്ല സമ്മതിക്കില്ല ഞാനിലവെട്ടുവാൻ"
ഉരചെയ്തു വീട്ടുകാരി തൽക്ഷണം.

പയ്യനിളിഭ്യനായി തിരിച്ചുപോയ്
കൊളുത്തീ മാരകമായൊരു കാട്ടുതീ
വരുന്നിതാ മാപ്പിള കൊടുങ്കാറ്റുപോൽ
വെട്ടിത്തിളങ്ങും കത്തി കയ്യിലായ്.

"അനുസരിക്കില്ലേ നീ സഹധർമ്മിണീ
പരിഹാസ്യനാക്കി നീ എന്നെയങ്ങാടിയിൽ
ഈക്കാണും വാഴ ഞാൻ കിളച്ചുവച്ചത്
ഇലവെട്ടുവാൻ സമ്മതം ഞാൻ മൂളിവിട്ടത്.

കറിയ്ക്കുകൂടി കിട്ടുകില്ലൊരു കുല
ഈ തോട്ടത്തിൽ നിന്നുമിനി നിശ്ചയം"
എതിർത്തതില്ലൊരു വാഴയും കത്തിയെ
മുറിഞ്ഞതല്ലോ വീണിടുന്നവ തുണ്ടുതുണ്ടായ്.

ദേഷ്യം ശമിച്ചൊരു മാപ്പിള എറിഞ്ഞു
തോട്ടിലേക്ക് തൻ വാക്കത്തി തൽക്ഷണം.
വാഴകൾ കുലച്ചു തൊടിയതിൽ പിന്നെയും
പയ്യൻ വന്നതില്ല ശേഷം ഇലവെട്ടുവാൻ.

★★★

# മാപ്പ്

ശ്രാദ്ധമായിരുന്നിന്നലെ പിതാവിന്റെ
അന്തരിച്ചിട്ടൊരു വർഷം തികഞ്ഞനാൾ
പാഞ്ഞിടുന്നെൻ മനം വർഷങ്ങൾക്കുമപ്പുറം
അന്നു ഞാൻ നാലു കാലിൽ നീന്തിടുന്ന സാധനം.

　　തളർന്നിരുന്ന കാലുമായ് കളിച്ചിരുന്നു
　　ഞാനന്നുമേ സതീർത്ഥ്യനാം കുട്ടനൊപ്പമേ
　　കുട്ടനായിരുന്നെൻ റേഡിയോയും പത്രവും
　　പഠിച്ചിരുന്നവ്വിധം ചീത്തവാക്കനവധി.

വീട്ടിലേക്കു വരും വഴി കേട്ടു താതനൊരു-
ദിനം തന്നരുമ സന്താന പ്രഭാഷണം.
വൈകിയില്ലാ പിന്നെയൊട്ടുമേ പൊളിഞ്ഞുവെൻ
പുറം ഉഴവുകാളതൻ നെടും ചൂരലാൽ.

　　തിരിഞ്ഞു നോക്കുകിൽ അയവിറക്കുവാൻ
　　ഒട്ടുമില്ലാ ഓമനിക്കുന്നോരോർമ്മകൾ
　　എടുത്തിരുന്നില്ലാ താതനെന്നെയൊരിക്കലും
　　ഷർട്ടിലഴുക്കു പുരളുമെന്ന ഭയത്തിനാൽ.

കവിഞ്ഞിരുന്നില്ല താതന്റെ സ്നേഹപ്രകടനം
ധരിച്ചിരുന്നു ഞാൻ കുഞ്ഞിലെ വൃഥാ
ഇല്ല താതന് ഹൃദയമെന്നൊരു സാധനം
അച്ഛാ പിതാവേ മാപ്പാക്കണേ തെറ്റിദ്ധരിച്ചതിൽ.

★★★

# യാത്രാമൊഴി

പൊട്ടിയ വീണക്കമ്പികൾ കൊണ്ടൊരു
പാഴഴ കെട്ടിയെടുക്കും ഞാൻ
പീറത്തുണികൾ തൂക്കിയിടാനൊരു
പാഴഴ കെട്ടിയൊരുക്കും ഞാൻ.

സപ്തസ്വരങ്ങളുയർന്നൊരു വീണയിലി-
ന്നെന്തോ തപ്തസ്വരങ്ങൾ പിറക്കുന്നു
സന്തതമെന്നുടെ ശാന്തതയെല്ലാം
നിൻ കാർമേഘത്തിൽ മറയുന്നു.

മാന്തളിർ തിന്നും കുയിലിന്നെന്തോ
കൂ കൂ കൂകി വിളിച്ചില്ല
മാവുകൾ പൂക്കും മംഗല്യമാസം
മാലോകരെന്നെ മറന്നല്ലോ.

നിൻ നിഴൽ തേടിയലഞ്ഞിട്ട-
സ്തമ സൂര്യന്നഭിമുഖമായിട്ടീ-
ക്കടൽ ഭിത്തിയിൽ ചാരിയിരുന്നി-
ട്ടുര ചെയ്യുന്നേൻ യാത്രാമൊഴി മൗനം.



# അമരത്വം

ആരു പഠിക്കുമീ അക്ഷരങ്ങൾ
ആരുച്ചരിക്കുമീ വീൺവാക്കുകൾ
ആരാസ്വദിക്കുമീ പാഴ് കവിതകൾ
ആരാലപിക്കുമീ ഹൃദയരാഗങ്ങൾ?

ഇവയെല്ലാം നിനക്കായ് മൊട്ടിട്ടവ
നീ കേട്ടു കേട്ടു പൊട്ടിവിടർന്നവ
വേറെയാർക്കും ആലപിക്കാനല്ലിവ
നീ മാത്രം ഓമനിക്കാൻ കുറിച്ചവ.

ഞാൻ മറഞ്ഞാൽ ഓർക്കാനാണിവ
നാം മറക്കാതിരിക്കാൻ കുറിച്ചവ
അക്ഷരം ഹാ മരിക്കയില്ലൊരിയ്ക്കലും
എനിക്കും ഇനി മരണമില്ലൊരിക്കലും.

★★★

**ഏകത്രയൻ** (തൂലികാനാമം)

**പ്രൊഫ. ജോസ് പി. വർഗീസ്** DoB : 13 March 1954

---

**പഠനം :** MIT, Madras (DM IT & ME) 1975-'80
Christ College, Irinjalakuda (B.Sc. Phy.) 1972-'75
Bharata Mata College, Thrikkakara (Pre-Degree) 1970-'72
M.A.H.S., Nedumbassery (SSLC) 1964-'70
Govt. L.P. School, Akapparambu 1960-'64

**തൊഴിൽ:** Professor & HOD (ECE Dept.)
Viswajyothi College of Engg. & Tech (July 2004 - till now)
Vazhakulam, Muvattupuzha
Specialist Trainee to Deputy General Manager (Aug.1980-Jun 2004)
HMT Ltd., Kalamassery

**മാതാപിതാക്കൾ :** പയ്യപ്പിള്ളി കൊച്ചുപൗലോ വറിയത്,
പൈനാടത്ത് വർക്കി കുഞ്ഞേലിക്കുട്ടി

**സഹധർമ്മിണി :** മാണിക്കത്ത് റോസ് മേരി ജോസ് (ഗ്രേസി), കോട്ടയം

**മക്കൾ :** നിസ എലിസബത്ത്, ആൻമേരി, ഗൗതം വർഗീസ്, അർജ്ജുൻ ജോൺ

**മരുമക്കൾ :** ലിജോ ജോസഫ്, പുത്തൻപുരയ്ക്കൽ
അനൂപ് ജോസ്, മൂലേച്ചാലിൽ

**പേരക്കുട്ടികൾ :** നികിതാ അൽഫോൻസ, കൃപ റോസ്, ഇസ്സാ മരിയ

**ജീവിത ദർശനം :** ജീവിതത്തോടുള്ള കാഴ്ചപ്പാട് കരുപ്പിടിപ്പിക്കുന്ന ഒരു മഹാത്ഭുതമാണീ ജീവിതം.

**നന്ദി :** എന്നെ ഈ നിലയിലെത്താൻ സഹായിച്ച ബന്ധുമിത്രാദികളോടും അദ്ധ്യാപകരോടും സഹപ്രവർത്തകരോടും വിദ്യാർത്ഥികളോടും എന്നെ പ്രോത്സാഹിപ്പിച്ചും വിമർശിച്ചും വളർത്തിയ എല്ലാവരോടും പ്രത്യേകമായിട്ട് നിത്യസഹായമാതാവിനോടും എന്നെ പോറ്റി വളർത്തിയ അമ്മയോടും. അവസാനമായിട്ട് ഈ പുസ്തകം വായിച്ച നിങ്ങളോടും.

e-mail : jose.pvarghese@yahoo.co.in, Mob :9447811953